"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - 2023-24 വർഷിക പദ്ധതി - ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം- Academic Infrastructure Development of SCTCE എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.177/2023/TRANS തീയതി,തിരുവനന്തപുരം, 12-05-2023

പരാമർശം:-

1. ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പലിന്റെ 18.04.2023, 27.04.2023 തീയതികളിലെ 1770-A2/2022/SCTCE നമ്പർ കത്തുകൾ.
2. 26.04.2023-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലെ 3(7) നമ്പർ തീരുമാനം.

**ഉത്തരവ്**

ശ്രീ ചിത്തിരതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങ്ങിന്റെ Academic Infrastructure Development of SCTCE എന്ന പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 9 കോടി രൂപയുടെ പ്രൊപ്പോസൽ ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പൽ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. 26.04.2023 ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, നടപ്പ് സാമ്പത്തിക വർഷം 8.5 കോടി രൂപയിൽ അധികരിക്കാതെ പദ്ധതി നടപ്പിലാക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരം, Academic Infrastructure Development of SCTCE എന്ന പദ്ധതിയുടെ 8.5 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിന് വേണ്ട ചെലവ് എന്ന 5055-00-800-74 ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | പ്രോജക്ട് മാനേജർ | പൂർത്തീകരണ കാലാവധി |
|---|---|---|---|
| 1. | പാസ്സഞ്ചർ ലിഫ്റ്റ് വാങ്ങലും ആയതിന്റെ സിവിൽ ഘടന നിർമ്മാണ ചെലവും - 40 ലക്ഷം രൂപ | ഡോ. ജോർജ്ജ് എം. ജോസഫ്, ഡീൻ (പ്ലാനിംഗ് & ഡെവലപ്മെന്റ്) & അസോസിയേറ്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |

| | | | |
|---|---|---|---|
| 2. | അനർട്ടിന്റെ ടെക്നിക്കൽ കൺസൾട്ടൻസിയോടെ 200 kWp ഗ്രിഡ് കണക്റ്റഡ് സോളാർ പി.വി. പവർ പ്ലാന്റ് സ്ഥാപിക്കൽ - 120 ലക്ഷം രൂപ | ഡോ. ബോബി ഫിലിപ്പ്, അസോസിയേറ്റ് പ്രൊഫസർ & ഡിവിഷൻ ഹെഡ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിവിഷൻ | 1 വർഷം |
| 3. | ലൈബ്രറി കെട്ടിടത്തിന് മുകളിൽ നിർമ്മിച്ച കോൺഫറൻസ് ഹാളിന് അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങൽ - 22 ലക്ഷം രൂപ | ഡോ. ജോർജ്ജ് എം. ജോസഫ്, ഡീൻ (പ്ലാനിംഗ് & ഡെവലപ്മെന്റ്) & അസോസിയേറ്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 4. | ഇ-മൊബിലിറ്റിയിൽ മികവിന്റെ കേന്ദ്രം - 275 ലക്ഷം രൂപ | ഡോ. ഷിജി എസ്., അസോസിയേറ്റ് പ്രൊഫസർ, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 5. | റോബോട്ടിക്സ്, മെഷീൻ ലേണിംഗ് റിസർച്ച് ലാബ് - 100 ലക്ഷം രൂപ | ശ്രീമതി അപർണ്ണ പി.ആർ., അസിസ്റ്റന്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 6. | ഇന്റലിജൻസ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റംസ് ലാബ് - 45 ലക്ഷം രൂപ | ശ്രീമതി ഷൈമ ആർ., അസിസ്റ്റന്റ് പ്രൊഫസർ, കമ്പ്യൂട്ടർ സൈയൻസ് & എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 7. | ബയോമെഡിക്കൽ ഗവേഷണത്തിനുള്ള ഇന്നൊവേഷൻ സെന്റർ - 100 ലക്ഷം രൂപ | ഡോ. ജിസു എൽസ ജേക്കബ്, അസിസ്റ്റന്റ് പ്രൊഫസർ, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 8. | മണ്ണൊലിപ്പ് സാധ്യതാ പ്രദേശത്ത് ദുരന്ത ലഘൂകരണ തന്ത്രമായി മണ്ണിന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള പ്രായോഗിക ഗവേഷണത്തിന് ഒരു മൈക്രോബയൽ പ്രോസസ് ലബോറട്ടറി സ്ഥാപിക്കൽ - 50 ലക്ഷം രൂപ | ശ്രീ. ബിജു ജേക്കബ്, അസിസ്റ്റന്റ് പ്രൊഫസർ, ബയോടെക്നോളജി & ബയോകെമിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |
| 9. | കൺസോർഷ്യം ഓഫ് ഫംഗൽ ബയോമാസ് ഉപയോഗിച്ച് തിരുവനന്തപുരം നഗരത്തിലും പരിസരങ്ങളിലും പോളിയെത്തിലീൻ നശിക്കുന്നതിനെക്കുറിച്ചുള്ള ഇൻവെസ്റ്റിഗേഷന് പരിസ്ഥിതി | ശ്രീമതി ഗായത്രി വി., അസിസ്റ്റന്റ് പ്രൊഫസർ, ബയോടെക്നോളജി & ബയോകെമിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് | 1 വർഷം |

| | | | |
|---|---|---|---|
| | ബയോറെമീഡിയേഷൻ ലാബ് - 55 ലക്ഷം രൂപ | | |
| 10. | ഗതാഗത മേഖലയിൽ പെട്രോൾ ബ്ലെൻഡിംഗിനായി കസാവയിൽ നിന്നുള്ള ബയോ-എഥനോളിന്റെ ചെലവ് കുറഞ്ഞ ഉൽപ്പാദനത്തെക്കുറിച്ചു പൈലറ്റ് പഠനം നടത്താൻ ബയോഫ്യുവൽ ലബോറട്ടറി വികസനം - 93 ലക്ഷം രൂപ | ഡോ. രോഹിണി എസ്., ബയോടെക്നോളജി & ബയോകെമിക്കൽ എഞ്ചിനീയറിംഗ് വകുപ്പ് | 2 വർഷം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ഗതാഗത (ഡി) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ (പി.യു.-എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2429249)

ഉത്തരവിൻ പ്രകാരം
Signed by
Sawmini Jayakumar
Date: 12-05-2023 17:02:42
സെക്ഷൻ ഓഫീസർ

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.